


# ST.GEORGE'S HIGH SCHOOL

Kottangal, Chunkappara

INSPIRE TO EXCEL

www.stgeorgehskottangal.com, stgeorgehs@gmail.com


SCHOOL CODE : 37020 0469 2696222

# Academic Master Plan 2025-2026

സമഗ്ര ഗുണമേന്മ വർഷം

# SCHOOL LOCATION

[https://maps.app.goo.gl/hVu5G9izqSCokpnP6](https://maps.app.goo.gl/hVu5G9izqSCokpnP6)



## Our Vision

# Inspire to Excel

## Our Mission

To enhance the integral development of children and to inspire them for the excellence in their life, family and society

**Educational Sub District**
Mallappally

**Educational District**
Thiruvalla

**Revenue District**
Pathanamthitta

An educational institution run by Syro Malankara Catholic Archdiocese of Thiruvalla

**Patron**
Most Rev Dr Thomas Mar Koorilos

**Manager**
Fr. Mathew Punakulam

**Local Manager**
Fr. Aby Vadakkumthala

**Headmaster**
Mr. Varghese Joseph (Byju)

ജോർജിയൻ കുടുംബത്തിന്റെ എല്ലാ പ്രവർത്തനങ്ങളും സ്കൂൾ സോഷ്യൽ മീഡിയ അക്കൗണ്ടുകളിൽ ലഭ്യമാണ്.

| Youtube | Facebook | Instagram |
|---|---|---|
| Green Studio StGeorge | StGeorge Kottangal | stgeorge1938 |

# INTRODUCTION

പത്തനംതിട്ട ജില്ലയിലെ മലയോരഗ്രാമമായ കോട്ടാങ്ങൽ പഞ്ചായത്തിന്റെ വടക്കേയറ്റത്ത് കോട്ടയം ജില്ലയുടെ അതിർത്തി പങ്കിടുന്ന മണിമലയാറിന്റെ തീരത്തെ ഹരിതാഭമായ ചുങ്കപ്പാറയിൽ കഴിഞ്ഞ 88 വർഷങ്ങളിലൂടെ അനേകായിരങ്ങൾക്ക് വിജ്ഞാനവെളിച്ചം പകർന്നു നൽകി പരിലസിക്കുന്ന വിദ്യാക്ഷേത്രമാണ് സെന്റ് ജോർജ്സ് ഹൈസ്കൂൾ കോട്ടാങ്ങൽ.

1933ൽ ബഹുമാനപ്പെട്ട മണ്ണൂർ മഠത്തിനകത്ത് കൃഷ്ണൻനായർ കോട്ടാങ്ങലിൽ ഒരു മലയാളം മിഡിൽ സ്കൂൾ ആരംഭിച്ചു. അക്കാലത്ത് ചുങ്കപ്പാറയിൽ എത്തിയ തിരുവല്ല രൂപതയുടെ ദ്വിതീയ മെത്രാൻ ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ സേവേറിയോസ് തിരുമേനിയും ശ്രീ. കൃഷ്ണൻനായരും തമ്മിൽ കണ്ടുമുട്ടി. ശ്രീ കൃഷ്ണൻനായർ അഭിവന്ദ്യ പിതാവിനോട് ഈ സ്കൂൾ ഏറ്റെടുത്ത് നടത്തണമെന്ന് അഭ്യർത്ഥിച്ചു. ദൈവനിയോഗത്താൽ 1940ൽ സ്കൂൾ രൂപതയ്ക്ക് വേണ്ടി വാങ്ങുകയും 1950ൽ ഹൈസ്കൂളായി ഉയർത്തുകയും ചെയ്തു.

ഈ വിദ്യാലയം ശാന്തസുന്ദരമായ ചുങ്കപ്പാറയിൽ പ്രധാന പാതയോരത്ത് 3 ഏക്കർ സ്ഥലത്ത് വിശാലമായ 2 മൈതാനങ്ങൾ, സയൻസ്, കമ്പ്യൂട്ടർ, മൾട്ടിമീഡിയ ലാബുകൾ, 3 സ്മാർട്ട് ക്ലാസ്സുകൾ, നവീകരിച്ച ക്ലാസ്സ് റൂമുകൾ, വായനശാല, വായനമുറി, സ്കൂൾ ബസ്, മീഡിയ സ്റ്റുഡിയോ ഇവയാൽ ധന്യമാണ്. 5 മുതൽ 10 വരെ ക്ലാസ്സുകളിൽ ഇംഗ്ലീഷ്, മലയാളം മീഡിയം ക്ലാസ്സുകളിലായി മികച്ച പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നടക്കുന്നു. അറബി - സംസ്കൃത ഭാഷാപഠനം, കലാകായിക പരിശീലനം, എൻ.സി.സി. ജൂനിയർ റെഡ് ക്രോസ് ഹരിതസേന, സ്കൗട്ട് & ഗൈഡ്സ്, സൻമാർഗ്ഗപഠനം, യോഗ, നീന്തൽ, വോളിബോൾ, ഹാൻഡ് ബോൾ, എന്നിവയിൽ പ്രത്യേക പരിശീലനം, ടീനേജ് കൗൺസിലിംഗ് വിവിധ സ്കോളർഷിപ്പുകൾ, ഉച്ചക്കഞ്ഞി, യൂണിഫോം എന്നി വയും ഈ വിദ്യാലയത്തിന്റെ പ്രത്യേകതകളാണ്.

## SCHOOL UNIFORM




## TRANSPORTATION FACILITY

ചാലാപ്പള്ളി, കരിയംപ്ലാവ്,
ചുട്ടുമൺ, പെരുമ്പെട്ടി,
ചെട്ടിയാർമുക്ക്, കുളത്തുങ്കൽ,
അത്യാൽ, പുന്നക്കനിരവ്,
കാടിക്കാവ്, നിർമ്മലപുരം,
പ്രയാറ്റ് പടി, ആലപ്ര,
പൊന്തൻപുഴ, പ്ലാച്ചേരിൽ,
റാന്നി, വൈദ്യശാലപ്പടി,
ആലക്കാട്, പുല്ലാന്നിപ്പാറ,
കോട്ടാങ്ങൽ, സി.കെ.റോഡ്.

| STD | DIVS | TOTAL | | | SC | | | ST | | | MUSLIM | | | OTHER MINORITY | | | OBC (OTHER THAN MUSLIM) | | | OTHERS | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL | B | G | TOTAL |
| 5 | 2 | 25 | 19 | 44 | 0 | 1 | 1 | 0 | 0 | 0 | 7 | 7 | 14 | 15 | 9 | 24 | 2 | 2 | 4 | 1 | 0 | 1 |
| 6 | 2 | 29 | 14 | 43 | 5 | 0 | 5 | 0 | 0 | 0 | 10 | 5 | 15 | 7 | 6 | 13 | 5 | 2 | 7 | 2 | 1 | 3 |
| 7 | 2 | 31 | 20 | 51 | 2 | 1 | 3 | 0 | 0 | 0 | 9 | 5 | 14 | 8 | 8 | 16 | 8 | 4 | 12 | 4 | 2 | 6 |
| 8 | 3 | 42 | 41 | 83 | 2 | 1 | 3 | 0 | 0 | 0 | 28 | 21 | 49 | 8 | 16 | 24 | 1 | 1 | 2 | 3 | 2 | 5 |
| 9 | 2 | 42 | 38 | 80 | 3 | 3 | 6 | 0 | 0 | 0 | 16 | 17 | 33 | 15 | 11 | 26 | 6 | 4 | 10 | 2 | 3 | 5 |
| 10 | 2 | 36 | 32 | 68 | 2 | 2 | 4 | 0 | 0 | 0 | 19 | 18 | 37 | 9 | 5 | 14 | 4 | 3 | 7 | 2 | 4 | 6 |
| Total | | 205 | 164 | 369 | 14 | 8 | 22 | 0 | 0 | 0 | 89 | 73 | 162 | 62 | 55 | 117 | 26 | 16 | 42 | 14 | 12 | 26 |

# SCHOOL STATUS


Based on Sixth Working Day Strength 2025

# SSLC RESULT ANALYSIS 2025

| | |
|---|---|
| TOTAL STUDENTS APPEARED | : 89 |
| TOTAL STUDENTS PASSED | : 89 |
| PERCENT OF SUCCESS | : 100% |
| NO OF FULL A+ | : 18 |
| NO OF 9 A + | : 04 |
| NO OF 8 A+ | : 04 |



# ACADEMIC EXCELLENCE SPECIAL PROJECTS




## സമഗ്ര ഗുണമേന്മ വർഷം

# SCHOOL ACTIVITIES & PROJECTS FOR 2025-2026

| SL.NO. | MONTH | PLAN |
| --- | --- | --- |
| 1 | JUNE | NEW UNIFORM, ID CARD & SCHOOL JERSY |
| 2 | JULY | GEORGIAN RADIO |
| 3 | AUGUST | PROJECT OURS: Our Understanding & Reinforcement for Students (ONLINE MARK SHEET)<br>PROJECT ABCDE: Academic Boosting Creative & Direct Experience Programmes |
| 4 | SEPTEMBER | TILE FLOORING OF UP SECTION |
| 5 | OCTOBER | PUPPETRY SHOW TEAM & MEGA MEDICAL CAMP |
| 6 | NOVEMBER | CHILDREN'S WEEK CELEBRATION & INTER SCHOOL CHACHAJI COLOURING COMPETITION |
| 7 | DECEMBER | GEORGIAN SKILLHUB LAUNCHING |
| 8 | JANUARY | JOSEPH MAR SEVERIOS MEMORIAL ALL KERALA INTER SCHOOL QUIZ |
| 9 | FEBRUARY | ACADEMIC EXCELLENCE EXHIBITION |
| 10 | MARCH | MIKAVUTHSAVAM & SCHOOL MAGAZINE RELEASE |

# UP SECTION SUBJECT MASTER PLAN

# ST. GEORGE'S HIGH SCHOOL, KOTTANGAL, CHUNKAPPARA (SCHOOL Code : 37020)

## UP ENGLISH ACADEMIC MASTER PLAN 2025-2026

| MONTH | CLASS | PLAN | AIM | DURATION | EXPENSE |
|---|---|---|---|---|---|
| JUNE | 5,6,7 | **World of Wonderful English (WoW)** | To enhance the vocabulory and provide basics of the English | Whole Year | Teacher |
| JULY | 5,6,7 | **LANGUAGE GAMES** | To develop passion towards the langugae | Monthly | Teacher |
| AUGUST | 5,6,7 | **ENGLISH NEWSPAPER & HEADLINES ONLINE** | To understand the sentence structure and to improve listening skill | Daily through Whatsapp groups | Sponsors |
| SEPTEMBER | 5,6,7 | **DRAMA TEAM** | To enhance the LSRW skills through drama, skits and roleplay | Whole Year | Teacher |
| OCTOBER | 5,6,7 | **ENGLISH FILM FESTIVAL & EDUREEL** | To project various English films based on the lessons and to create educative reels based on lessons | Month | Teacher |
| NOVEMBER | 5,6,7 | **ENGLISH CARNIVAL** | To develop the language skills through various games, activities and competitions | Month | Teachers & Parents |
| DECEMBER | 5,6,7 | **ENGLISH SKILL STUDIO** | To design a mini language lab facility in the school | Forever | Management & Teacher |
| JANUARY | 5,6,7 | **CHOREOGRAPHY PERFORMANCE** | To perform English Choreography performance based on a poem from each class in School Anniversary | Month | Parents & Teacher |
| FEBRUARY | 5,6,7 | **FIELD TRIP & English Vlogs** | To discern the various values acquired through lessons and create Vlogs | Month | Parents & Teacher |
| MARCH | 5,6,7 | **ANNUAL MAGAZINE** | To revisit the overall achievement of the English Academic activities in this year | Third Term | Teacher |

**TEACHER IN-CHARGE: LAIJU KOSHY MATHEW (UPST, English)**

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## UP MALAYALAM ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ  എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## UP HINDI ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

## UP MATHS ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## UP SCIENCE ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു.<br>3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# ST. GEORGE'S HIGH SCHOOL, KOTTANGAL, CHUNKAPPARA (SCHOOL Code : 37020)

## UP SOCIAL SCIENCE ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# ST. GEORGE'S HIGH SCHOOL, KOTTANGAL, CHUNKAPPARA (SCHOOL Code : 37020)

## UP SOCIAL SCIENCE ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## ST. GEORGE'S HIGH SCHOOL, KOTTANGAL, CHUNKAPPARA (SCHOOL Code : 37020)


### UP ARABIC ACADEMIC MASTER PLAN 2025-2026

اللغة العربية

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ/സാമ്പത്തികം |
| --- | --- | --- | --- | --- |
| അറബി അക്ഷരങ്ങളുടെ ഉച്ചാരണം എഴുത്തുരൂപങ്ങളിലെ വ്യത്യാസങ്ങൾ എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ് നേടൽ. | അക്ഷരങ്ങളുടെ രൂപവ്യത്യാസം ഗ്രഹിക്കാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനത്തിലൂടെ ഉയർത്തിക്കൊണ്ടുവരും. അറബിക് അക്ഷരപഠന സഹായി ഇതിനായി ഉപയോഗിക്കും. കൂടാതെ അക്ഷര കാർഡുകൾ ഉപയോഗിക്കും. | അധ്യയന വർഷാരംഭത്തിലെ ഒന്ന് മാസം | പുസ്തകങ്ങൾ കാർഡുകൾ | എസ്.ആർ.ജി സ്വയം കണ്ടെത്തൽ |
| അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കുക. പദസമ്പത്ത് അധികരിപ്പിക്കുക. | പുതിയ പദങ്ങൾ പരിചയപ്പെടൽ, പാഠപുസ്തകങ്ങളിലെ പദങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ സാഹചര്യമൊരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | കഥാ കവിതാ പുസ്തകങ്ങൾ. | ,, ,, |
| അറബിയിലുള്ള ചെറിയ ശൈലികൾ ഉപചാരവാക്കുകൾ തുടങ്ങിയവ മനസ്സിലാക്കുക. | പാഠപുസ്തകങ്ങളിൽ നിന്നും മറ്റുപുസ്തകങ്ങളിൽ നിന്നും കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പാഠപുസ്തകങ്ങൾക്ക് പുറമെ ലഭ്യമാകുന്ന പുസ്തകങ്ങൾ | ,, |
| വിവിധ ദിനാചരണങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ കുട്ടികളുടെ സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കൽ. | ദിനാചരണങ്ങളുടെ ഭാഗമായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. കുറിപ്പുകൾ, പദപ്രശ്നം എന്നിവ തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ ചാർട്ടുകൾ. | |

# ST. GEORGE'S HIGH SCHOOL, KOTTANGAL, CHUNKAPPARA (SCHOOL Code : 37020)

## UP SANSKRIT ACADEMIC MASTER PLAN 2025-2026



# HIGH SCHOOL SECTION SUBJECT MASTER PLAN

# ST. GEORGE'S HIGH SCHOOL, KOTTANGAL, CHUNKAPPARA (SCHOOL Code : 37020)

## HS ENGLISH ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. | Spoken English Class<br>English Library നവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly | അവധിക്കാലം / ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേർസ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary- Profile & Script തയ്യാറുക്കുന്നതിനുവേണ്ടി English Cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | ടീച്ചേർസ്, SRG | ഇംഗ്ലീഷ് ക്ലബ്ബ്, മാനേജ്മെന്റ് |
| | Role play, English Day ആചരണം, Seminar ചർച്ചകൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | അക്കാദമിക വർഷം | ഇംഗ്ലീഷ് അധ്യാപകർ | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക | School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ, SRG, ടീച്ചേർസ് | ഇംഗ്ലീഷ് ക്ലബ്ബ് |
| | ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങൾ | പി.ടി.എ, SRG, ടീച്ചേർസ് | പി.ടി.എ |
| | പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു. | ശനിയാഴ്ചകൾ, ക്യാമ്പ് | ഇംഗ്ലീഷ് ക്ലബ്ബ് | രക്ഷിതാക്കൾ |

## HS HINDI ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക. | | | |
| 3) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

# ST. GEORGE'S HIGH SCHOOL, KOTTANGAL, CHUNKAPPARA (SCHOOL Code : 37020)

## HS MALAYALAM ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം, (ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.<br>13. ആസ്വാദകരമായ വായന<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പി.ടി.എ, അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രൊജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ- സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി,<br>പുസ്തകങ്ങൾ,<br>ഫോട്ടോകൾ,<br>പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ- ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രൈയിനർ, അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

## HS SOCIAL SCIENCE ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ആശയധാരണ കൈവരിക്കൽ | വിവിധ ക്ലാസുകളിൽ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി-കളെ കണ്ടെത്തുന്നു. ഇവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്ന-തിനായി പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കുന്നു. അനുയോജ്യമായ ICT വിഭവങ്ങൾ, TLM കൾ തുടങ്ങിയവ ഉപയോഗിച്ച് പ്രത്യേക ക്ലാസുകൾ എടുക്കുന്നു. | ജൂൺ ആദ്യവാരം | അധ്യാപകർ |
| 2) ഗണിതമത്സര വേദിയി-ലേക്ക് : മേളകളിൽ ഉയർന്ന സ്ഥാനം കൈവരിക്കൽ | കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹി-പ്പിക്കുന്നതിനായി സ്കൂൾ-തല ഗണിതമേള സംഘടിപ്പിക്കുന്നു. തത്സമയ നിർമ്മാണ മത്സരങ്ങൾ നടത്തുന്നു. മോഡലുകൾ, ചാർട്ടുകൾ ശേഖരങ്ങൾ മുതലായവ [illegible] | ഒരു ടേമിൽ ഒന്ന്. | അധ്യാപകർ |

# ST. GEORGE'S HIGH SCHOOL, KOTTANGAL, CHUNKAPPARA (SCHOOL Code : 37020)

## HS MATHS ACADEMIC MASTER PLAN 2025-2026

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിതക്ലബ്, അധ്യാപകർ |
| 4) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | • ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു<br>• ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന്. | അധ്യാപകർ, ഗണിതക്ലബ് |
| 5) ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിതക്ലബ്, അധ്യാപകർ |
| 6) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ശില്പശാലകൾ സംഘടിപ്പിക്കുന്നു. | ഒരു പ്രാവശ്യം | അധ്യാപകർ |
| 7) ഗണിതവുമായി ബന്ധപ്പെട്ട ദിനങ്ങൾ പരിചയപ്പെടൽ. | പൈ ദിനവുമായി ബന്ധപ്പെട്ട് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. | ജൂലൈ 22 | അധ്യാപകർ |

# Academic Master Plan

Class - VIII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ നിരീക്ഷണ പാടവം, ജിജ്ഞാസ, നിരന്തര പഠനം, അന്വേഷണത്വര എന്നിവ വർദ്ധിപ്പിക്കുക. | കുട്ടികളെ കൊണ്ട് തന്നെ പരീക്ഷണങ്ങൾ ചെയ്ത് നിരീക്ഷണം നടത്തുന്ന വിവിധ അനുഭവങ്ങൾ നൽകപ്പെടുന്നു. നിത്യജീവിതവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | P.T.A |
| നിഗമനത്തിൽ എത്തിച്ചേരൽ | വിവിധ പരീക്ഷണങ്ങൾ ക്ലാസിൽ അവതരിപ്പിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| മൂല്യബോധം വളർത്തുക. | സ്കൂൾ പരിസരം വൃത്തിയാക്കൽ, വൃക്ഷതൈകൾ നട്ടുപിടിപ്പിക്കൽ | അക്കാദമിക വർഷം | " | |

**HS SCIENCE ACADEMIC MASTER PLAN 2025-2026**

Class - IX

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ കൗതുകം നിരീക്ഷണ പാടവം ജിജ്ഞാസ എന്നിവ വർധിപ്പിക്കുക. | ക്ലാസ് മുറികളിൽ കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വിവിധ പരീക്ഷണങ്ങൾ ചെയ്യിക്കുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ തയ്യാറാക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| സ്വന്തമായ നിരീക്ഷണങ്ങളിലൂടെ നിഗമനത്തിൽ എത്തിച്ചേരൽ | ചെറിയ പ്രോജക്ടുകൾ കൊടുത്ത് പുതിയ ആശയങ്ങൾ അവതരിപ്പിക്കുന്നു. | " | " | PTA & Management |
| അന്വേഷണ താത്പര്യം വർധിപ്പിക്കുക. | ശാസ്ത്രജ്ഞന്മാരോട് സംവദിക്കാൻ അവസരം ഒരുക്കുന്നു | " | " | സയൻസ് Club |

Master Plan - Science

Class - X

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികളിൽ നിരീക്ഷണ പാടവം, ആകാംക്ഷ, ജിജ്ഞാസ, എന്നിവ വർധിപ്പിക്കുക. | കുട്ടികളെക്കൊണ്ട് തന്നെ പരീക്ഷണങ്ങൾ ചെയ്യിച്ച് നിരീക്ഷണം നടത്താൻ അവസരപ്പെടുത്തുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ, വസ്തുക്കളുടെ പ്രദർശനങ്ങൾ എന്നിവ കുട്ടികളെ കൊണ്ട് തന്നെ ചെയ്യിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| • നിരന്തരമായ നിരീക്ഷണത്തിലൂടെയും പരീക്ഷണത്തിലൂടെയും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിഗമനത്തിൽ എത്തിച്ചേരൽ | പരീക്ഷണ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ നിഗമനത്തിൽ എത്തിച്ചേരുന്നു. ലഘു പ്രൊജക്ടുകൾ കൊടുത്ത് മെച്ചപ്പെടുത്ത് അവതരിപ്പിക്കുന്നു. വർഷത്തിൽ ഒരു പ്രാവശ്യം സയൻസ് എക്സിബിഷൻ നടത്തുന്നു. സെമിനാറുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| • പരിസ്ഥിതിസൗഹൃദ മനോഭാവവും | | | | |

| | | | | |
|---|---|---|---|---|
| മാനവികതയിൽ ഊന്നി ശുദ്ധ ശാസ്ത്രബോധ്യം വളർത്തുക. | പരിസര ശുചീകരണം, തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഔഷധസസ്യ തോട്ടം, പച്ചക്കറിത്തോട്ടം നിർമ്മിക്കൽ. സ്കൂൾ കാമ്പസിനെ പ്ലാസ്റ്റിക് നിരോധിത മേഖലയായി നിലനിർത്തൽ, സയൻസ് ലാബ് മെച്ചപ്പെടുത്തൽ ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ പരിചയപ്പെടുത്തൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ ഹരിത സേനാംഗങ്ങൾ ആരോഗ്യ ക്ലബ് | PTA & Management കൃഷി വകുപ്പ് |
| • അന്വേഷണ പാടവം വർദ്ധിപ്പിക്കൽ നേരിട്ട് കണ്ടറിഞ്ഞ് അറിവുനേടൽ | ഉന്നത തലങ്ങളിലുള്ള ക്വിസ് സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നു. ശാസ്ത്രകാരൻ മാരുമായി സംവദിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | Science club PTA രക്ഷിതാക്കൾ |

# ST. GEORGE'S HIGH SCHOOL, KOTTANGAL, CHUNKAPPARA (SCHOOL Code : 37020)

## GEORGIAN ACADEMIC MASTER PLAN 2025-2026

പരിപൂർണമായി AI സാങ്കേതിക വിദ്യയിലൂടെ നിർമിച്ച
ജോർജിയൻ സ്കൂൾ ആന്തം

# GEORGIAN ANTHEM

*In the hallways of St George's light*
*We gather strong our future bright*
*With heads held high we lead the way*
*Inspire to excel every single day*

*We are the Georgian Family proud and true*
*Together we reach heights we never knew*
*With courage in our hearts and dreams take flight*
*We stand as one in St George's light*

Scan to Listen

**ഇത് കേരളത്തിൽ ആദ്യം!!!**

ചുങ്കപ്പാറ സെന്റ് ജോർജ്സ്
ഹൈസ്കൂൾ പുതുചരിത്രം
രചിക്കുന്നു...! സ്കൂളിന്
ചാറ്റ്ബോട്ടുകളെ സൃഷ്ടിച്ച്
കേരളത്തിലെ
പൊതുവിദ്യാഭ്യാസത്തിൽ
കാലത്തിനു അനുസരിച്ചുള്ള
അപ്ഡേറ്റ്
നൽകുന്നു...സ്കൂളിനെക്കുറിച്ചും,
പ്രവർത്തനങ്ങളെക്കുറിച്ചും,
അഡ്മിഷൻ സംബന്ധമായ
കാര്യങ്ങൾ അറിയാനും ജിയോ
ജിയ സേവനങ്ങൾ
സഹായിക്കുന്നു.

